(ഡി) കേരള വ്യാപാരി വ്യവസായി ഏകോപന സമിതി പ്രസിഡന്റ് ബഹുമാനപ്പെട്ട ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത ഡബ്ല്യു.പി.(സി) 15413/14 നമ്പർ കേസുമായി ബന്ധപ്പെട്ട് കോടതിയലക്ഷ്യ കേസ് ഫയൽ ചെയ്തിട്ടുണ്ട്. മനോരമക്കവല വികസനവുമായി ബന്ധപ്പെട്ട് സ്ഥലമേറ്റെടുക്കുമ്പോൾ കച്ചവട സ്ഥാപനങ്ങൾ നഷ്ടപ്പെടുന്നവർക്ക് പുനരധിവാസ പാക്കേജ് നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി ചേർത്തല യൂണിറ്റ് പ്രസിഡന്റ് റവന്യൂ വകുപ്പിന് സമർപ്പിച്ച അപേക്ഷയിലെ ആവശ്യങ്ങൾ പരഗണിക്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിനും സ്വീകരിച്ച നടപടികൾ ഒരു മാസത്തിനകം ഹർജി കക്ഷിയെ അറിയിക്കണമെന്ന് ടി കേസിൽ ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശം നൽകുകയുണ്ടായി. പ്രസ്തുത വിധി ലഭിച്ചയുടൻതന്നെ ജില്ലാ കളക്ടർക്ക് ആവശ്യമായ നിർദ്ദേശം നൽകുകയും പ്രസ്തുത വിവരം ഹർജി കക്ഷിയെ അറിയിക്കുകയുമുണ്ടായി. ഇതിനിടയിൽ ഹർജി കക്ഷി കോടതിയലക്ഷ്യ കേസ് ഫയൽ ചെയ്യുകയാണുണ്ടായത്. എന്നാൽ കോടതിവിധി യഥാസമയം നടപ്പിലാക്കിയെന്ന വിശദാംശങ്ങൾ ഉൾപ്പെടുത്തി ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ അഫിഡവിറ്റ് ഫയൽ ചെയ്തിട്ടുണ്ട്.

(ഇ) മനോരമക്കവലയുടെ വികസനത്തിന് ഭൂരങ്കംവയ്ക്കുന്ന യാതൊരുവിധ പ്രവർത്തനങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഭാരതപ്പുഴ സംരക്ഷണത്തിനായി ആർ.എം.എഫ്. പദ്ധതികൾ

167(3089) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭാരതപ്പുഴ സംരക്ഷണത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ ;

(ബി) ഭാരതപ്പുഴയും നദീതീരങ്ങളും സംരക്ഷിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

(സി) കേരളത്തിന്റെ പൈതൃക സമ്പത്തായ നദികളെ മലിനീകരണത്തിൽ നിന്നും കയ്യേറ്റങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനായി റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) നിലവിൽ പാലക്കാട് ജില്ലയിലെ ആർ.എം.എഫ്.-ൽ എത്ര ഇകയുണ്ട് ; 1-7-2011 മുതൽ 31-10-2014 വരെയുള്ള ആർ.എം.എഫ്.-ന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന നദികളുടെ സംരക്ഷണത്തിനായി രൂപം നൽകിയിട്ടുള്ള പുഴമുതൽ പുഴവരെ എന്ന പദ്ധതിയിൽപ്പെടുത്തി മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം മുതൽ തിരുനാവായവരെയുള്ള ഭാരതപ്പുഴയുടെ തീരങ്ങളിൽ വൃക്ഷലതാദികൾ വച്ചുപിടിപ്പിച്ച് തീരം മനോഹരമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) ഭാരതപ്പുഴയിലെ അനധികൃത മണൽഖനനവും കടത്തും തടയുന്നതിനായി തൃശ്ശൂർ, പാലക്കാട് ജില്ലയിൽ പോലീസ് പിക്കറ്റിംഗ് ഏർപ്പെടുത്തിയിട്ടുള്ളതും താലൂക്ക്-ജില്ലാതലത്തിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ചിട്ടുള്ളതുമാണ്. വാഹനങ്ങൾ പുഴയിലിറക്കി മണൽ കയറ്റുന്നത് തടയുന്നതിനായി കോൺക്രീറ്റ് തൂണുകൾ സ്ഥാപിച്ചിട്ടുള്ളതുമാണ്. ഭാരതപ്പുഴ സംരക്ഷണ പദ്ധതികൾ ജില്ലാ വിദഗ്ദ്ധ സമിതി അംഗീകരിച്ച് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നകാര്യം സംസ്ഥാന ഉന്നതതല സമിതിയിൽ പരിശോധിക്കുന്നതാണ്.

(സി) നദീതീരസംരക്ഷണവുമായി ബന്ധപ്പെട്ടുള്ളതും, കേരളാ നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതും, ജില്ലാ വിദഗ്ദ്ധ സമിതിയും സംസ്ഥാന ഉന്നതതല സമിതിയും അംഗീകരിക്കുന്ന പ്രവർത്തികൾക്ക് റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിക്കുന്നു.

(ഡി) പാലക്കാട് ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിൽ 31-10-2014 വരെ 13,04,73,179 രൂപ നിലവിലുണ്ട്. 1-7-2011 മുതൽ 31-10-2014 വരെയുള്ള റിവർ മാനേജ്മെന്റ് ഫണ്ട് വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

ചാലക്കുടി താലൂക്കിൽപ്പെട്ട പുറമ്പോക്കുകളിൽ താമസിച്ചു വരുന്നവർക്ക് പട്ടയം

168(3090) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി താലൂക്കിൽപ്പെട്ട വില്ലേജുകളിലെ വിവിധ വകുപ്പുകളുടെ കീഴിലുള്ള പുറമ്പോക്കുകളിൽ കാലങ്ങളായി താമസിച്ച വരുന്നവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) സംയുക്ത പരിശോധനാ റിപ്പോർട്ട് ലഭിച്ചതും പട്ടയം നൽകുന്നതിന് തടസ്സങ്ങളില്ലാത്തതുമായ വിവിധ അപേക്ഷകളിൽ ഉടൻ പട്ടയം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ;